## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: **83** — 02/12/2015-ൽ മറുപടിക്ക്

# കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എളമരം കരീം<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ.വി.ചെന്താമരാക്ഷൻ | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ടോ; വിശദാംശം നൽകുമോ; | (എ) | ബോർഡ് തലത്തിൽ വിലയിരുത്താറുണ്ട്. ഓരോ മാസവും ജില്ലാ ഓഫീസുകളിൽ നിന്ന് കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസിൽ ലഭിക്കുന്ന റിപ്പോർട്ടുകൾ പരിശോധിച്ച് ജില്ലയിലെ പ്രവർത്തനങ്ങൾ വിലയിരുത്തി വരുന്നുണ്ട്. രണ്ട് മാസത്തിലൊരിക്കൽ വെൽഫെയർ ഫണ്ട് ഓഫീസർമാരുടെ യോഗം ചേരുകയും, അംഗങ്ങളുടെ രജിസ്ട്രേഷൻ, അംശദായ അടവ്, ഭൂവുടമാ വിഹിതത്തിന്റെ വരവ്, ആനുകൂല്യ വിതരണം എന്നിവയുടെ വിവരങ്ങൾ വിലയിരുത്തി വരുന്നുണ്ട്. ഇതു കൂടാതെ ക്ഷേമനിധി ബോർഡ് യോഗം ചേർന്ന് ബോർഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. |
| (ബി) | ക്ഷേമനിധി ആനുകൂല്യങ്ങൾ യഥാസമയം നൽകാൻ കഴിയാത്തതിന്റെ കാരണങ്ങൾ എന്തെന്നും മുടങ്ങിക്കിടക്കുന്ന ആനുകൂല്യങ്ങൾ നൽകാൻ വേണ്ട തുക എത്രയെന്നും വിശദമാക്കുമോ; | (ബി) | കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് നേരിട്ടുകൊണ്ടിരിക്കുന്ന സാമ്പത്തിക പ്രതിസന്ധി മൂലമാണ് യഥാസമയം തൊഴിലാളികൾക്ക് ആനുകൂല്യം നൽകാൻ കഴിയാത്തത്. മുടങ്ങി കിടക്കുന്ന ആനുകൂല്യങ്ങൾ നൽകുന്നതിനായി ഏകദേശം 234.35 കോടി രൂപ ആവശ്യമാണ്. |

(സി) 2.91 ലക്ഷം അപേക്ഷകൾ കെട്ടിക്കിടക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കാനായി എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു;

(സി) 30.09.2015 ലെ കണക്കുകൾ പ്രകാരം വിവിധ ആനുകൂല്യങ്ങൾ നൽകുവാൻ 301598 അപേക്ഷകൾ കുടിശ്ശികയായിട്ടുണ്ട്. കുടിശ്ശിക വിതരണം ചെയ്യുന്നതിലേയ്ക്കായി ധനസഹായം അനുവദിക്കുന്നതിന് ബോർഡ് സമർപ്പിച്ച ശിപാർശ സർക്കാരിന്റെ പരിശോധനയിലാണ്.

(ഡി) മനുഷ്യാവാകാശ കമ്മീഷൻ ഇക്കാര്യത്തിൽ ഇടപെട്ടിട്ടുണ്ടോ; കമ്മീഷന്റെ നിർദ്ദേശം എന്തായിരുന്നു; അതു നടപ്പിലാക്കിയോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ?

(ഡി) ഉണ്ട്. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അതിവർഷാനുകൂല്യം വിതരണം ചെയ്യുന്നതിന് സർക്കാർ ആവശ്യമായ ഫണ്ട് ലഭ്യമാക്കണമെന്ന് ഒരു പരാതിയിൻമേൽ തീർപ്പ് കൽപ്പിക്കവേ ബഹു.മനുഷ്യാവാകാശ കമ്മീഷൻ നിർദ്ദേശിച്ചിരുന്നു. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ ആനുകൂല്യ കുടിശ്ശിക വിതരണം ചെയ്യുന്നതിന് ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിശോധനയിൽ ആണ്.

സെക്ഷൻ ഓഫീസർ